(ii) ര എണ്ണം പരിഗണനയ്ക്ക് അർഹങ്ങളായ അപേക്ഷപങ്ങൾ മറ്റുകക്ഷികളിൽ നിന്നും ഉള്ളതുകൊണ്ട്.

(iii) ഫ 0 എണ്ണം സാങ്കേതികന്യൂനതകളെ പരിഗണിച്ച്.

(iv) ഫ അപേക്ഷ അപേക്ഷകർക്ക് വേറെ ആരാധനസ്ഥലം പരിസരപ്രദേശത്തുതന്നെ ഉണ്ടായിരുന്നതുകൊണ്ട്.

(സി) സമാധാന പരിപാലനത്തേയും പൊതുജന താല്പര്യങ്ങളേയും പൊതുജനാരോഗ്യത്തേയും പരിഗണിച്ച്.

റേഷൻ

*ന. വ്യ 0. (ന ൻ) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവും, ഭക്ഷ്യവും റവന്യൂവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഈ സംസ്ഥാനത്തിൽ പ്രായപൂർത്തിവന്ന ഒരു വ്യക്തിക്ക് എത്ര ഔൺസ് അരിയാണ് കൊടുത്തുവരുന്നത്;

(ബി) ഈ നിസ്സാരറേഷനിൽ എന്തെങ്കിലും കുറവു വരുത്തുവാൻ ഇടയുണ്ടോ;

(സി) റേഷനായി നൽകുന്ന അരിയുടെ വില കൂട്ടുവാനോ കുറയ്ക്കുവാനോ ഉദ്ദേശിക്കുന്നുണ്ടോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) പ്രതിദിനം ഏഴ് ഔൺസ് അരി കൊടുത്തുവരുന്നു.

(ബി) ഇല്ല.

(സി) അരിവില കുറയ്ക്കുവാൻ ഇന്നത്തെ പരിതഃസ്ഥിതിയിൽ സാദ്ധ്യമല്ല. വില കൂട്ടുവാനും ഇപ്പോൾ ഉദ്ദേശം ഇല്ല.

കേസ്സുകളുടെ അന്വേഷണം

*ന. വ്യ ഫ. (ര 0) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മന്ത്രി സദയം മറുപടി നൽകുമോ.—

(എ) മെ. ഗോപാലപ്പണിക്കർ, ജോസഫ ജോൺ, ജി. ആർ. പിള്ള, എന്നിവരുടെ പേരിലുള്ള കേസുകളുടെ അന്വേഷണം പൂർത്തിയായോ;

(ബി) പൂർത്തിയായെങ്കിൽ ഓരോരുത്തരുടേയും പേരിലുള്ള കുറങ്ങൾ എന്തെല്ലാമാണ്;

(സി) എന്തു ശിക്ഷയാണ് ഓരോരുത്തർക്കും നൽകിയിട്ടുള്ളത്?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ശ്രീ. സി. പി. ഗോപാലപ്പണിക്കരുടെ പേരിലുള്ള അന്വേഷണം പൂർത്തിയായി. മറ്റു രണ്ടുപേരുടെയും പേരിലുള്ള അന്വേഷണം പൂർത്തിയായില്ല.

(ബി)-ം (സി)-ം ഫൻ @ ഫ ജനവരി ഫന്ദ്രാംസ്കെ ലെ ശവമ്മൽറ ഗസറ്റ് ഒന്നാംഭാഗം പുറം ര ഫ ലേക്ക് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

MONOZITE FACTORY

*382. [43] **Sri M. I. Paul:** Will the Hon'ble Minister for Industries be pleased to state:—how far the works of the monozite factory at Alwaye have progressed and when it will be completed?

LIBRARY ARCHIVES Kerala Legislative Assembly

Chief Minister (**Sri. C. Kesavan**): Construction of the factory buildings has already been taken up and it is expected that it will be completed within six months.

INDUSTRIAL CO-OPERATIVE SOCIETIES

***383.** [44] **Sri. M. I. Paul:** Will the Hon'ble Minister for Industries, Excise and Local Self Government be pleased to state whether the Government have received several representations for excluding the Industrial Co-operative Societies from Income-tax, if so what action has been taken?

Chief Minister (**Sri. C. Kesavan**): Yes. The Central Government have been addressed in the matter.

ഫോട്ട് കൊച്ചി

*നവ൪. (൪൪) ശ്രീ. കുഞ്ഞൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ഫോർട്ട് കൊച്ചി, തിരുവിതാംകൂർ കൊച്ചി സംസ്ഥാനത്തിൽ ലയിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഗവൺമെണ്ടിൽനിന്നും സെൻട്രൽ ഗവൺമെണ്ടിലേക്ക് വല്ല നിവേദനവും അയച്ചിരുന്നോ; അതിന് എന്ത മറുപടി ലഭിച്ചു;

(ബി) ആവശ്യപ്പെട്ടിരുന്നത ഫോർട്ടുകൊച്ചിയെ സംബന്ധിച്ചു മാത്രമായിരുന്നോ; അതോ അതോടുചേർന്നുള്ള പാട്ടഭൂമികളേയും ഉൾപ്പെടുത്തിയിരുന്നോ?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) അയച്ചിരുന്നു. മദ്രാസ് ഗവൺമെണ്ടിന്റേയും തിരുവിതാംകൂർ-കൊച്ചി ഗവൺമെണ്ടിന്റേയും പ്രതിനിധികൾ യോഗം ചേർന്ന് ഇക്കാര്യത്തെപ്പറ്റി ആലോചിക്കണമെന്ന ഇന്ത്യാഗവൺമെണ്ടിൽനിന്നും നിർദ്ദേശം ലഭിച്ചിരുന്നു. അതനുസരിച്ചു ചേർന്ന യോഗത്തിൽ ഫോർട്ടുകൊച്ചിയെ സംബന്ധിച്ചു അവസാനതീരുമാനം ഉണ്ടായില്ല. തിരുവിതാംകൂർ-കൊച്ചി ഗവൺമെണ്ട് ആവശ്യപ്പെട്ടിരുന്ന സ്ഥലങ്ങളിൽ ഫോർട്ടുകൊച്ചിയും അതോടുചേർന്ന പാട്ടഭൂമികളും ഒഴിച്ചു ബാക്കി സ്ഥലങ്ങൾ വിട്ടുതന്നുകൊണ്ട് ഇന്ത്യാഗവൺമെണ്ടിൽനിന്നും അവസാനമറുപടിയും ലഭിച്ചു.

(ബി) ഫോട്ടുകൊച്ചിയും പാട്ടഭൂമികളും, അഞ്ചുതെങ്ങ്, തങ്കശ്ശേരി, പണകുടി മുതലായ സ്ഥലങ്ങളും ഉൾപ്പെടുത്തിയിരുന്നു.

റിസവ്വ് പോലീസ്

*നവ൩. (൪൯) സാഹിബ് ബഹദൂർ വി. ചേലാഡിറാവുത്തർ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

കൊച്ചി ഡിസ്ട്രിക്ട് രാമപുരത്തു റിസവ്വ് പോലീസുകാർ നാട്ടുകാരെ പ്രത്യേകിച്ചു സ്ത്രീകളെ അനാവശ്യമായി ദേഹോപദ്രവം എല്പിക്കുന്നതായി വല്ല ആക്ഷേപവും ഐ. ജി. അവർകൾക്കോ ഗവൺമെണ്ടിലേക്കോ കിട്ടിയിട്ടുണ്ടോ?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

ഗവൺമെണ്ടിലേക്ക കിട്ടിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly